## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 385 — 06.03.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിൻെറ ആസ്തി നിർണ്ണയം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു :<br>ശ്രീ. [illegible] :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. വി. ശശി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വൈദ്യുതി ബോർഡിൽ ആരംഭിച്ച ആസ്തി നിർണ്ണയം പൂർത്തിയായിട്ടുണ്ടോ ; ആസ്തി എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | വൈദ്യുതി ബോർഡിൻെറ ആസ്തികൾ ഏതൊക്കെയാണെന്ന് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൻെറ ഭാഗമായി ഇപ്പോൾ കൈവശത്തിലും, ഉടമസ്ഥതയിലുമുള്ള ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | വൈദ്യുതി ബോർഡിൻെറ ഏതെല്ലാം ആസ്തികളാണ് ഈ നിർണ്ണയത്തിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ; | (ബി) | ലാൻറ്, ബിൽഡിംഗ്, വൈദ്യുതിയുടെ ഉത്പാദന-പ്രസരണ-വിതരണ ആവശ്യങ്ങൾക്കുള്ള യന്ത്രസാമഗ്രികൾ, ഫർണിച്ചറുകൾ, വാഹനങ്ങൾ തുടങ്ങി വൈദ്യുതി ബോർഡിൻെറ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള എല്ലാ ആസ്തികളുടെയും കണക്കുകളും രേഖകളും ശേഖരിക്കുന്നതിനാണ് നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളത്. |
| (സി) | ബോർഡിൻെറ കൈവശമുണ്ടായിരുന്ന ആസ്തികൾ എത്രയാണ് ; | (സി) | 31-03-2008-ലെ ബാലൻസ് ഷീറ്റ് അനുസരിച്ച് ബോർഡിലെ ആസ്തികളുടെ തേയ്മാനച്ചെലവ് കുറച്ചതിനു ശേഷമുള്ള മൂല്യം 5195.19 കോടി രൂപയാണ്. 31.03.2011ലെ ആഡിറ്റ് |

പൂർത്തിയാവുന്നതിന് മുമ്പുള്ള കണക്കുകൾ അനുസരിച്ച്, ഇത് 6362.15 കോടി രൂപയാണ്.

| | | | |
|---|---|---|---|
| (ഡി) | ബോർഡിൻെറ ആസ്തി തിട്ടപ്പെടുത്താനുണ്ടായ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിനനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിലേക്ക് 25-09-2008-ലെ സർക്കാർ ഉത്തരവിലൂടെ വൈദ്യുതി ബോർഡിൻെറ ആസ്തി ബാദ്ധ്യതകൾ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട്. ഈ ആസ്തി ബാദ്ധ്യതകൾ പുതുതായി രൂപവൽക്കരിച്ച കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച കൃത്യമായ രേഖകളും കണക്കുകളും ആവശ്യമാണ്. അതിൻെറ ഭാഗമായിക്കൂടിയാണ് ഇപ്പോൾ ആസ്തികൾ തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ.